സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ഷേത്ര ജീവനക്കാരെ 01-7-2017 മുതൽ ക്ലാസ്സ് IV ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 15691/15/Est-1 നന്തൻകോട്, 14/03/2017

---

പരാമർശം :- 1) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ (അംഗീകൃത സംഘടനയുടെ) 31-5-2016 ലെ അപേക്ഷ.

2) ദേവസ്വം കമ്മീഷണറുടെ 06-03-2017 ലെ ROC 71/14/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സേവനമനുഷ്ഠിച്ചു വരുന്ന ഉദ്ദേശം 4000 ത്തോളം ക്ഷേത്ര ജീവനക്കാരെ ക്ലാസ്സ് IV ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേക്ക് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും പൂർണ്ണമായ ഉത്തരവ് ലഭിച്ചിട്ടില്ലായെന്നും ആകയാൽ ക്ഷേത്ര ജീവനക്കാരെ പൂർണ്ണമായും ക്ലാസ്സ് IV ജീവനക്കാരായി അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് വിവരിച്ച് അപേക്ഷ ലഭിച്ചു (പരാമർശം -1).

ഇതിനെ തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരെ ക്ലാസ്സ് IV ജീവനക്കാരായി അംഗീകരിക്കുകയാണെങ്കിൽ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച വിശദാംശം ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയതിൻപ്രകാരം ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം - 2).

ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരുടെ അഭിപ്രായം വാങ്ങി ദേവസ്വം കമ്മീഷണർ സമർപ്പിച്ച ടി റിപ്പോർട്ടിൽ 01-07-2014 മുതൽ അനുവദിച്ച ശമ്പളപരിഷ്ക്കരണ ഉത്തരവിലൂടെ ക്ഷേത്ര ജീവനക്കാരുടെ ശമ്പള സ്കെയിൽ ക്ലാസ്സ് IV ജീവനക്കാരുടേതിന് തുല്യമാക്കിയിട്ടുണ്ടെന്നും ക്ലാസ്സ് IV ജീവനക്കാരുടേയും ക്ഷേത്ര ജീവനക്കാരുടേയും ആനുകൂല്യങ്ങൾ തമ്മിൽ താരതമ്യം ചെയ്തതിൽ ക്ലാസ്സ് IV ജീവനക്കാർക്ക് ലഭിക്കാത്ത ദേശീയ അവധിവേതന അലവൻസ്, സ്ത്രീ ജീവനക്കാർക്കുള്ള സ്പെഷ്യൽ കാഷ്വൽ ലീവും പകരക്കാർക്ക് നൽകുന്ന അലവൻസും, ആശൂലാവധിയും പകരം വ്യവസ്ഥയ്ക്കുള്ള അലവൻസും ക്ഷേത്ര ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്നും എന്നാൽ ക്ലാസ്സ് IV ജീവനക്കാരുടെ ആനു

കൂല്യങ്ങൾ നൽകുമ്പോൾ പെൻഷൻ ആനുകൂല്യങ്ങൾക്ക് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നും ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 30 ദിവസമായി വർദ്ധിപ്പിക്കുമ്പോഴും ഗ്രാറ്റുവിറ്റി ആനുകൂല്യം വർദ്ധിപ്പിക്കുമ്പോഴും പെൻഷൻ കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ തുടങ്ങിയവ അനുവദിക്കുന്നതിലൂടെയും ബോർഡിന് ഭീമമായ അധിക ബാദ്ധ്യത ഉണ്ടാകുന്നതാണെന്ന് വിവരിച്ചിട്ടുള്ളതാണ്.

സംഘടനയുടെ അപേക്ഷയും ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും പരിശോധിച്ച് നിലവിലെ ജീവനക്കാർക്ക് ക്ലാസ്സ് IV ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്ന വിഷയം ബോർഡ് ചർച്ച ചെയ്തു.

ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സാഹചര്യങ്ങളിൽ ഇത്രയും വലിയ സാമ്പത്തിക ബാദ്ധ്യത വഹിക്കുവാൻ കഴിയില്ലാ എങ്കിലും ക്ലാസ്സ് IV ആനുകൂല്യം അനുവദിക്കണമെന്ന നിരന്തര അഭ്യർത്ഥന പരിഗണിക്കേണ്ടതാണെന്ന് ബോർഡ് വിലയിരുത്തി. ഇപ്രകാരം അനുവദിക്കുമ്പോൾ കണ്ടിജൻസി വിഭാഗത്തിൽ നില നിർത്തിയിരുന്ന ആനുകൂല്യങ്ങളും ക്ലാസ്സ് IV ആനുകൂല്യങ്ങളും ഒരുമിച്ചു നൽകാൻ കഴിയില്ല. ആകയാൽ നിലവിലെ ജീവനക്കാർക്ക് പൂർണ്ണ സംരക്ഷണം നൽകിക്കൊണ്ട് ക്ഷേത്ര ജീവനക്കാരെ 01-7-2017 മുതൽ ക്ലാസ്സ് IV ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

01-7-2017 മുതൽ പ്രാബല്യത്തിൽ ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ കൈക്കൊളളുന്നു.

1. 01/07/2017 ൽ സർവ്വീസിലുള്ള എല്ലാ ക്ഷേത്ര ജീവനക്കാർക്കാരെയും ക്ലാസ്സ് IV ജീവനക്കാരായി അംഗീകരിച്ച് ശമ്പളം, പെൻഷൻ, ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ സറണ്ടർ, ടെർമിനൽ സറണ്ടർ, HPL, ഫാമിലി പെൻഷൻ തുടങ്ങി എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് തീരുമാനിച്ചു.
2. ക്ഷേത്ര ജീവനക്കാരെ ക്ലാസ്ഫോർ ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനാൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാർ എന്ന നിലയിൽ കാലാകാലങ്ങളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.
3. ക്ഷേത്രജീവനക്കാരെ 01/07/2017 മുതൽ ക്ലാസ്സ് IV ആക്കി വേതന ഘടന അംഗീകരിക്കുന്നതിനാൽ കണ്ടിജൻസി വിഭാഗമെന്ന നിലയിൽ നിലവിലുള്ള എല്ലാ ഉത്തരവുകളും പുതിയ ഉത്തരവ് പ്രാബല്യ തീയതിമുതൽ ഇല്ലാതാകുന്നതാണ്.
4. സ്പെഷ്യൽ കാഷ്വൽ ലീവ്, പുല വാലായ്മ ദിവസങ്ങളിൽ ജീവനക്കാർ അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ നിർദ്ദേശിക്കുന്ന ജോലികൾ നിർവ്വഹിക്കുകയോ, സ്വന്തം ചെലവിൽ പകരം വ്യവസ്ഥ ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ നിർദ്ദേശിക്കുന്ന ജോലി ആണ് നിർവ്വഹിക്കുന്നതെങ്കിൽ ഡിപ്പാർട്ടുമെന്റിൽ നിന്നും പകരം വ്യവസ്ഥ ഏർപ്പെടുത്തുന്നതാണ്.

5. ആവശ്യമായ എല്ലാ ക്ഷേത്രങ്ങളിലും ശാന്തിക്കാരനു പുറമെ വഴിപാട് രസീതുകൾ കൈകാര്യം ചെയ്യുന്നതിനും ശാന്തി ജോലി ഒഴിച്ചുള്ള മറ്റെല്ലാ ജോലികൾ നിർവ്വഹിക്കുന്നതിനുമായി ഒരു ജീവനക്കാരൻ കൂടി ഉണ്ടാകത്തക്ക വിധത്തിൽ ക്രമീകരണം ഏർപ്പെടുത്തുന്നതാണ്.

6. ഒരു സമയം പൂജ അനുവദിച്ചിട്ടുള്ളതും രണ്ടുനേരം പൂജ ആവശ്യമുള്ളതും അപ്രകാരം ആരംഭിച്ചാൽ വരുമാന വർദ്ധനവ് ഉണ്ടാകും എന്നുള്ളതുമായ എല്ലാ പാർട്ട്ടൈം ക്ഷേത്രങ്ങളും ഫുൾടൈം ആക്കി രാവിലേയും വൈകുന്നേരവും പൂജ അനുവദിക്കുന്നതാണ്.

7. പാർടൈം ക്ഷേത്രങ്ങൾ ഫുൾ ടൈം ആക്കുന്നതിനാലും ശാന്തി തസ്തിക മാത്രമുള്ള ദേവസ്വങ്ങളിൽ അധിക തസ്കിക അനുവദിക്കുന്നതിനാലും ക്ലാസ്സ് ഫോർ ആനുകൂല്യത്തിന് പ്രതിവർഷം 15 കോടിയിലധികം രൂപ കണ്ടെത്തേണ്ടതുള്ളതിനാലും അധിക ബാദ്ധ്യതക്കുള്ള ഫണ്ട് കണ്ടെത്തുന്നതിലേക്കായി നിലവിലെ ജീവനക്കാർക്ക് പൂർണ്ണ സംരക്ഷണം നൽകികൊണ്ട് ആഫീസ്, ദേവസ്വം പുന ക്രമീകരിക്കുക, അധിക തസ്തികകൾ ഒഴിവാക്കുക, ജോലിഭാരം കുറവുള്ള തസ്തികകൾ സംയോജിപ്പിക്കുക, unskilled ആയിട്ടുള്ളവ outsource ചെയ്യുക തുടങ്ങിയ ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

8. ദേവസ്വങ്ങളിലെ രസീതുകൾ കൈകാര്യം ചെയ്യുന്നതിന് ഉൾപ്പടെ മതിയായ ജീവനക്കാരെ ഇപ്പോൾ ദേവസ്വങ്ങളിൽ നിയോഗിച്ചിട്ടുള്ളതാണെങ്കിലും ടിക്കറ്റ് കൗണ്ടർ കമ്പ്യൂട്ടറൈസ് ചെയ്ത/ചെയ്യുന്ന ദേവസ്വങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ നിയോഗിക്കുന്നതു മൂലം അധിക ചെലവ് ഉണ്ടാകുന്നതിനാൽ കമ്പ്യൂട്ടർ ഓപ്പറേഷൻ അറിയാവുന്ന വാച്ചറന്മാരെയോ ക്ഷേത്രജീവനക്കാരെയോ ഇപ്രകാരമുള്ള ദേവസ്വങ്ങളിൽ നിയോഗിക്കുന്നതാണ്. അപ്രകാരം നിയോഗിക്കുന്നതിലേക്ക് പരിജ്ഞാനമുള്ള ജീവനക്കാർ ഇല്ലാതെ വരികയോ പരിശീലനം നേടി കമ്പ്യൂട്ടർ ഓപ്പറേറ്റു ചെയ്യാൻ ജീവനക്കാർ ഇല്ലാതെ വരികയോ ചെയ്യുന്ന സ്ഥലങ്ങളിൽ പുറമെ നിന്നും ആളെ നിയോഗിക്കേണ്ടിവരുന്ന പക്ഷം അത്രയും എണ്ണം വാച്ചർ/ ക്ഷേത്ര ജീവനക്കാർ-ടെ എണ്ണം പരിമിതപ്പെടുത്തുന്നതാണ്.

9. സ്ട്രോംഗ് റൂമുകളിലെ ഗാർഡുകളുടെ സ്ട്രെങ്ത് ഒരാളിന് 8 മണിക്കൂർ ഡ്യൂട്ടി എന്ന ക്രമം മൂന്ന് എണ്ണമായി പരിമിതപ്പെടുത്തുകയും സ്ട്രോംഗ് റൂം ഇല്ലാത്തതും ഇപ്പോൾ സ്ട്രോംഗ് റൂം ഗാർഡുമാർ ജോലി നോക്കിവരുന്നതുമായ ആവശ്യമായ സ്ഥലങ്ങളിൽ എക്സ് സർവ്വീസുകാരെ നിയോഗിക്കുന്നതാണ്.

10. സ്ഥിരം ജീവനക്കാരുടെ ഡ്യൂട്ടി ക്ഷേത്രനട തുറന്നിരിക്കുന്ന സമയമ മാത്രമായി ക്രമീകരിച്ച് നൈറ്റ് ഡ്യൂട്ടിയ്ക്ക് വിമുക്തഭടന്മാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് അധിക തസ്തിക ക്രമപ്പെടുത്തുന്നതാണ്.

ടി രീതിയിൽ ക്രമീകരണങ്ങൾ വരുത്തി വ്യക്തമായ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉതകുംവിധം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്

പ്രത്യേക ടീമിനെ നിയോഗിക്കുന്നതും ടി റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

14/3/17
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. എല്ലാ ആഫീസ് മേധാവികൾക്കും
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ഓഫീസ് കോപ്പി

SK